കേരള സർക്കാർ

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ്- സർവ്വകലാശാല ജീവനക്കാരുടെ ശമ്പള പരിഷ്കരണം 2019- കണ്ണൂർ സർവ്വകലാശാലയിലെ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയുടെ ശമ്പള സ്കെയിൽ ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പേ റിവിഷൻ സെൽ-ഡി) വകുപ്പ്**

സ.ഉ.(കൈ)നം.57/2024/ധന തീയതി, തിരുവനന്തപുരം 12/06/2024

---

പരാമർശം:- 1. 18/02/2022 തീയതിയിലെ സ.ഉ. (അച്ചടി) നം.21/2022/ധന ഉത്തരവ്.
2. കണ്ണൂർ സർവ്വകലാശാല രജിസ്ട്രാറുടെ 14/03/2023 തീയതിയിലെ അഡ്മിൻ/എ.ഡിഎ 3/9644/2022 നമ്പർ കത്ത്.
3.01/04/2022 ലെ പി.എൽ.ഡി/എ 2/22684/2019 നമ്പർ വിജ്ഞാപനം പ്രകാരമുള്ള കണ്ണൂർ സർവ്വകലാശാലാ ഓർഡിനൻസ് ഭേദഗതി.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ അനധ്യാപക ജീവനക്കാരുടെ ശമ്പളവും അലവൻസുകളും 01/07/2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ കണ്ണൂർ സർവ്വകലാശാലയിലെ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്ക് 23700-52600 രൂപ ശമ്പള സ്കെയിലാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ മറ്റ് സർവ്വകലാശാലകളിലെ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്ക് 25100-57900 രൂപ ശമ്പള സ്കെയിൽ അനുവദിച്ചിട്ടുള്ളത് കണക്കിലെടുത്ത് കണ്ണൂർ സർവ്വകലാശാലയിൽ നിലനിൽക്കുന്ന പ്രസ്തുത അപാകത പരിഹരിച്ച് ടി സർവ്വകലാശാലയിലെ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്കും 25100-57900 രൂപ ശമ്പള സ്കെയിൽ അനുവദിക്കണമെന്ന് കണ്ണൂർ സർവ്വകലാശാല രജിസ്ട്രാർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 3 വിജ്ഞാപനം പ്രകാരം കണ്ണൂർ സർവ്വകലാശാലയിലെ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത ഇതര സർവ്വകലാശാലകളിലെ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയ്ക്ക് സമാനമായി SSLC വിജയം/തത്തുല്യം

ആയി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ സർവ്വകലാശാലയിലെ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയുടെ നിയമന രീതിയും മറ്റ് സർവ്വകലാശാലകളിലെ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയുടേതിന് തുല്യമാണ്. ഈ സാഹചര്യത്തിൽ കണ്ണൂർ സർവ്വകലാശാലയിലെ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയുടെ ശമ്പള സ്കെയിൽ നിലവിലെ 23700-52600 എന്നതിൽ നിന്നും 25100-57900 ആയി 01/07/2019 പ്രാബല്യത്തിൽ ഉയർത്തി ഉത്തരവാകുന്നു.

3. പ്രസ്തുത വർദ്ധനവിനെ തുടർന്നുള്ള സാമ്പത്തിക ആനുകൂല്യത്തിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകുമാർ.എൻ.**

അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
രജിസ്ട്രാർ, കണ്ണൂർ സർവ്വകലാശാല
നോഡൽ ഓഫീസർ, **www.finance.kerala.gov.in**
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-2448896)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ